**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185 — 14.06.2019-ലെ മറുപടിയ്ക്ക്

**ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ<br>,, മഞ്ഞളാംകുഴി അലി<br>,, കെ.എം.ഷാജി<br>,, പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക താരങ്ങൾ പലപ്പോഴും മതിയായ യാത്രാസൗകര്യം ലഭിയ്ക്കാതെ ട്രെയിനുകളിൽ യാത്ര ചെയ്യേണ്ടി വരാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ മീറ്റുകളിൽ പങ്കെടുക്കുന്ന കായികതാരങ്ങളെ ട്രെയിനിൽ സ്ലീപ്പർ ക്ലാസ് റിസർവേഷൻ കമ്പാർട്ടുമെന്റുകളിലാണ് സാധാരണയായി മത്സരത്തിന് കൊണ്ടു പോകുന്നത്. എന്നാൽ ഇതര സംസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ തീയതി സംബന്ധിച്ച അറിയിപ്പ് വൈകി ലഭിക്കുന്ന അവസരങ്ങളിൽ സ്ലീപ്പർ ക്ലാസ്സ് കൺഫർമേഷൻ ലഭിക്കാത്ത സാഹചര്യം സംജാതമാകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മന്ത്രി ഓഫീസ് മുഖേന റെയിൽവേ ഓഫീസുമായി ബന്ധപ്പെട്ട് കഴിയുന്നതും സ്ലീപ്പർ ക്ലാസ്സ് റിസർവേഷൻ ലഭ്യമാക്കാറുണ്ട്. |
| (ബി) | ഇത്തരം കായിക താരങ്ങൾക്ക് യാത്രാ സൗകര്യവും താമസ സൗകര്യവും ഉറപ്പുവരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) | ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള ടീമിന്റെ യാത്രാ സൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങളുടെ ചുമതല അതാത് സംസ്ഥാന കായിക അസോസിയേഷനുകളിൽ നിക്ഷിപ്തമാണ്. കൂടാതെ സംസ്ഥാന സ്കൂൾ ടീമുകളുടെ മാനേജർമാരായി പൊതുവിദ്യാഭ്യാസ വകുപ്പ് നിയമിക്കുന്ന ഉദ്യോഗസ്ഥരാണ് യാത്രാ |

| | | | |
|---|---|---|---|
| | | | വേളയിലും താമസ സമയത്തും കായിക താരങ്ങൾക്കൊപ്പം ഉണ്ടാകാറുള്ളത്. കായിക താരങ്ങൾക്കുള്ള താമസ സൗകര്യം ഒരുക്കുന്നത് മത്സരങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാനങ്ങളാണ്. |
| (സി) | മതിയായ യാത്രാ സൗകര്യമോ താമസ സൗകര്യമോ ലഭിയ്ക്കാത്തത് കായികതാരങ്ങളുടെ പ്രകടനത്തെ പ്രതികൂലമായി ബാധിയ്ക്കാറുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ട്രെയിനുകളിൽ ദുരിതപൂർണ്ണമായ യാത്ര ചെയ്ത് ശരിയായ വിശ്രമംപോലും ലഭിയ്ക്കാതെ മത്സരങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ അധികൃതർക്ക് നൽകിയിട്ടുണ്ട്; | (ഡി) | ട്രെയിനുകളിൽ ദുരിതപൂർണ്ണമായ യാത്ര ചെയ്ത് ശരിയായ വിശ്രമം പോലും ലഭിക്കാതെ മത്സരങ്ങളിൽ പങ്കെടുക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള ടീമിനുള്ള ട്രെയിൻ ടിക്കറ്റ് മുൻകൂട്ടി എടുക്കുന്നതിനുള്ള നിർദ്ദേശം അതാത് കായിക സംഘടനകൾക്ക് നൽകിയിട്ടുണ്ട്. ടി ചുമതലയും, അംഗീകൃത ദേശീയ മത്സരങ്ങളിൽ കായികതാരങ്ങളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നിർവ്വഹിക്കേണ്ട ചുമതലയും അതാത് കായിക അസോസിയേഷനുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത ടിക്കറ്റുകൾ വെയ്റ്റിംഗ് ലിസ്റ്റ് ആകുന്ന സാഹചര്യത്തിൽ എമർജൻസി ക്വാട്ട/ അഡീഷണൽ ബോഗി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. |
| (ഇ) | കായികതാരങ്ങൾക്ക് ആവശ്യമായ സൗകര്യം ഒരുക്കി നൽകാത്തതിന് ഉത്തരവാദികൾ ആകുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഇ) | കായിക താരങ്ങളുടെ അവകാശങ്ങളും ക്ഷേമവും മറ്റും അതാത് കായിക അസോസിയേഷനുകളുടെ ബൈലോകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ 2000-ലെ കേരള സ്പോർട്സ് ആക്ടിലെയും 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും വിധേയമായാണ് ഓരോ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളെയും അംഗീകരിച്ചിട്ടുള്ളതും, അതനുസരിച്ചാണ് പ്രവർത്തിക്കേണ്ടതും. സ്പോർട്സ് നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്ത കായിക സംഘടനകൾക്കെതിരെ 2000-ലെ കേരള സ്പോർട്സ് ആക്ടിലെ |

| | | | |
|---|---|---|---|
| | | | അദ്ധ്യായം 5 അനുശാസിക്കുന്ന രീതിയിലും. സ്പോർട്സ് കൗൺസിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതെ വരുന്ന സംഘടനകൾക്കെതിരെ 2008-ലെ കേരള സ്പോർട്സ് ചട്ടം 60 അനുസരിച്ചും നടപടി സ്വീകരിക്കാറുണ്ട്. സ്പോർട്സ് നിയമത്തിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാത്ത കായിക സംഘടനകൾക്കെതിരെ വ്യവസ്ഥകൾക്കനുസൃതമായി സസ്പെൻഷൻ മുതൽ അംഗീകാരം റദ്ദാക്കുന്നത് വരെയുള്ള കർശന നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**